# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2057 08.03.2018- ൽ മറുപടിക്ക്

### ചിറ്റൂർ താലൂക്കിലെ കൈത്തറി വികസനം

ചോദ്യം
ശ്രീ.കെ.കൃഷ്ണൻകുട്ടി

ഉത്തരം
ശ്രീ.എ.സി.മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

(എ) പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ കൈത്തറി വികസനത്തിനായി കഴിഞ്ഞ അഞ്ച് വർഷം നടപ്പിലാക്കിയ പദ്ധതികളും തുകയും ബ്ലോക്ക് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ;

(എ) പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിൽ കൈത്തറി വികസനത്തിനായി കഴിഞ്ഞ അഞ്ച് വർഷം നടപ്പിലാക്കിയ പദ്ധതികളും ആയതിലേക്കായി പദ്ധതി കാലയളവിൽ ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു.

| | പദ്ധതി | തുക(രൂപയിൽ) |
|---|---|---|
| 1 | ജി.എസ്.പി | 3,11,000/- |
| 2 | പ്രൊഡക്ഷൻ ഇൻസെന്റീവ് | 2,42,440/- |
| 3 | അംശദാന സമ്പാദ്യ പദ്ധതി | 1,23,993/- |
| 4 | മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനം | 4,02,000/- |
| 5 | സ്കിൽ ഡെവലപ്മെന്റ് | 3,25,500/- |
| 6 | കൈത്തറി വസ്ത്ര ഉപയോഗത്തെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായുള്ള പരിശീലനം | 12,79,500/- |
| 7 | എക്സിബിഷൻ ഗ്രാന്റ് | 1,31,238/- |
| 8 | ഉത്സവകാല റിബേറ്റ് | 6,87,941/- |
| 9 | ടെക്നോളജി അപ്ഗ്രഡേഷൻ | 7,85,000/- |
| 10 | വ്യക്തിഗത പണിശാല | 6,95,000/- |
| 11 | കോമൺ വർക്ക് ഷെഡ് | 8,11,030/- |
| 12 | ഹാന്റ്ലൂം മാർക്ക് | 4,600/- |
| 13 | റിവൈവൽ, റീഫോം & റീസ്ട്രക്ചറിംഗ് പാക്കേജ് | 8,85,165/- |
| 14 | ഇൻകം സപ്പോർട്ട് | 16,09,811/- |
| 15 | വീവിംഗ് അസിസ്റ്റൻസ് ഗ്രാന്റ് | 3,55,438/- |

| | | | |
|---|---|---|---|
| (ബി) | ചിറ്റൂരിലെ കൈത്തറി മേഖല നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തൊക്കെയാണെന്നും കൈത്തറി മാത്രം ആശ്രയിച്ച് ജീവിക്കുന്ന എത്ര കുടുംബങ്ങൾ ഈ നിയോജക മണ്ഡലത്തിൽ ഉണ്ടെന്നും അറിയിക്കുമോ; | (ബി) | മറ്റ് മേഖലകളുമായി താരതമ്യം ചെയ്യുമ്പോൾ കുറഞ്ഞ വേതനമാണ് കൈത്തറിമേഖലയിലെ തൊഴിലാളികൾക്ക് ലഭ്യമാകുന്നത്. അതുകൊണ്ട് തന്നെ പാരമ്പര്യമായി ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്കു പോലും ഈ മേഖല അനാകർഷകമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ യുവജനങ്ങൾ ഉൾപ്പെടെയുള്ള പുതിയ ആളുകളെ ഈ മേഖലയിലേയ്ക്ക് കൊണ്ട് വരുവാൻ കഴിയുന്നില്ല. നിലവിൽ ഈ മേഖലയിൽ ജോലി ചെയ്യുന്നവരിൽ ഭൂരിഭാഗവും 45 വയസ്സിനു മേൽ പ്രായമുള്ളവരാണ്. ഇത് കൈത്തറി മേഖലയിലെ ഉത്പാദനക്ഷമതയെ ഗണ്യമായി ബാധിക്കുന്നുണ്ട്. യന്ത്രത്തറികളിൽ ഉത്പാദിപ്പിക്കുന്ന തുണിത്തരങ്ങൾക്ക് കൈത്തറി തുണിത്തരങ്ങളേക്കാൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുന്നുണ്ട് എന്നതാണ് മേഖല നേരിടുന്ന മറ്റൊരു വെല്ലുവിളി.<br><br>സഹകരണ സംഘങ്ങളിലും അല്ലാതെയുമായി 500 ഓളം കുടുംബങ്ങൾ കൈത്തറി മേഖലയെ ആശ്രയിച്ച് ജീവിക്കുന്നു. |
| (സി) | ചിറ്റൂർ നിയോജക മണ്ഡലത്തിൽ എത്ര നെയ്ത്ത് സഹകരണ സംഘങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | ചിറ്റൂർ നിയോജക മണ്ഡലത്തിൽ നിലവിൽ 15 സംഘങ്ങൾ ഉണ്ട്. അവയിൽ 7 എണ്ണം പ്രവർത്തിക്കുന്നവയാണ്. |
| (ഡി) | ഈ പരമ്പരാഗത മേഖലയെ മുന്നോട്ട് കൊണ്ടുവരുവാൻ എന്തൊക്കെ പദ്ധതികളാണ് വരുന്ന അഞ്ച് വർഷം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്നും ഇതിനായി എന്തൊക്കെ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ഡി) | സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉൽപാദിപ്പിക്കുന്നതിന് ഹാൻടെക്സ്/ ഹാൻവീവ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഡിസൈൻ സെന്റർ വഴി മാർഗ്ഗനിർദ്ദേശങ്ങൾ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി, കണ്ണൂർ വഴി ആവശ്യമായ പരിശീലന പരിപാടികൾ എന്നിവ നടത്തുന്നതാണ്. |
| (ഇ) | ഉൽപന്ന വൈവിധ്യവൽക്കരണത്തിനുള്ള കർമ്മ പദ്ധതി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ഇ) | ഉൽപന്നങ്ങളിൽ വൈവിധ്യവൽക്കരണം ഉണ്ടാക്കുന്നതിനും ആഗോള നിലവാരത്തിലുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുമായി നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കും നൈപുണ്യ പരിശീലനം നൽകിവരുന്നു. വൈവിധ്യ |

ങ്ങളായ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് സംഘങ്ങളെയും നെയ്ത്തുകാരെയും പ്രാപ്തരാക്കുന്നതിനായി തറികളും കെട്ടിടങ്ങളും നവീകരിക്കുന്നതിനും പണിശാലകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും പുതിയ മെഷിനറിയും മറ്റും വാങ്ങുന്നതിനും പദ്ധതി നടപ്പിലാക്കി വരുന്നു. പ്രീ-ലൂം പ്രോസസ്സിംഗ് പ്രക്രിയകളായ വാർപ്പിംഗ്, സൈസിംഗ്, ഡെയിംഗ് മുതലായവ നിർവ്വഹിക്കുന്നതിന് പൊതുസൗകര്യ കേന്ദ്രങ്ങൾ നിർമ്മിച്ച് നൽകിവരുന്നു.

**സെക്ഷൻ ഓഫീസർ**